കവിത

# മരം

▸ കണിയാപുരം നാസറുദ്ദീൻ

അപ്പൂപ്പൻ വിത്തിട്ടു
അച്ഛന് തണലായി
ഇന്നെനിക്കെന്റെ
വീടിന്
അടപ്പായ് കട്ടിലായി...

●



# കാവൽക്കാരൻ

▸ സലാം കരുവമ്പൊയിൽ

കതകടച്ചിട്ടില്ല,
എപ്പോഴാണ്
പുലർകാലം
പടികയറി വരികയെന്നറിയില്ല.
വിളക്കണച്ചിട്ടില്ല,
എപ്പോഴാണ് രാവ്
പതിയിരുന്നാക്രമിക്കുകയെന്നറിയില്ല.
എന്നാൽ,
ഒരമ്ഡാളിപ്പിന്റെ കൊടുമുടിയിൽ
അയാൾ കണ്ടു;
ചുറ്റും ഇരുളും വെളിച്ചവും
കൂടിപ്പിണഞ്ഞ്...
പിന്നെ,
റാന്തലെന്തിന്!
അയാൾ വാതിലിന്റെ
സാക്ഷയുമടച്ചുകളഞ്ഞു.

●

ദര്യം എന്നീ മുദ്രാവാക്യങ്ങളാണ് ഫ്രഞ്ചു വിപ്ലവത്തിൽ ഉയർത്തിപ്പിടിച്ചിരുന്നത്. റൂസ്സോവിന്റെ സോഷ്യൽ കോൺട്രാക്ട് എന്ന ആശയവും പ്രസിദ്ധമാണ്. ഇസ്‌ലാമിന്റെ ആശയ സ്വാധീനമാണ് റൂസ്സോയിൽ കാണുന്നതെന്ന് ഗ്രന്ഥകാരൻ വാദിക്കുന്നു.

നോബൽ പുരസ്കാര ജേതാവും ലോക പ്രശസ്ത ഇന്ത്യൻ സാഹിത്യകാരനുമായ ടാഗോറിൽ ഇസ്‌ലാം ചെലുത്തിയ സ്വാധീനത്തെക്കുറിച്ചാണ് മറ്റൊരു അധ്യായം. ഇംഗ്ലീഷ് സാഹിത്യത്തിലെ ഇസ്‌ലാം സ്വാധീനത്തെക്കുറിച്ച് പരാമർശമുണ്ട്. ചാൾസ് ഡിക്കൻസ്, ഡാനിയൽ ഡെഫോ, ഷെല്ലി, ഷേക്സ്പിയർ തുടങ്ങിയ ഇംഗ്ലീഷ് എഴുത്തുകാരിൽ അറബി ക്ലാസിക്കുകളുടെ സ്വാധീനം ഉണ്ടെന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നു. തുടർന്നുള്ള അധ്യായങ്ങളിൽ അറബ് മുസ്‌ലിം സമൂഹം വികസിപ്പിച്ച ശാസ്ത്ര സാങ്കേതിക രംഗത്തെക്കുറിച്ച വിവരണങ്ങളാണ്. ഗോളശാസ്ത്രം, ഗണിതശാസ്ത്രം, സംഖ്യാശാസ്ത്രം, രസതന്ത്രം, ഊർജതന്ത്രം, വൈദ്യശാസ്ത്രം, ജീവശാസ്ത്രം, സസ്യശാസ്ത്രം, ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം, തത്ത്വശാസ്ത്രം, ചരിത്രം, സാമൂഹിക ശാസ്ത്രം തുടങ്ങി വിജ്ഞാനത്തിന്റെ സർവ മേഖലകളിലും അറബികൾ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. മുസ്‌ലിം ലോകത്ത് സ്ഥാപിക്കപ്പെട്ട പ്രമുഖ മെഡിക്കൽ കോളേജുകളും ആശുപത്രികളും ഭിഷഗ്വരന്മാരും ഇവിടെ പരാമർശിക്കപ്പെടുന്നു. അറബികൾ നടത്തിയ വിവിധ കണ്ടുപിടിത്തങ്ങളും അവർ നിർമിച്ച സാങ്കേതിക ഉപകരണങ്ങളും പരിചയപ്പെടുത്തുന്നുണ്ട്. സാമ്പത്തിക-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ഇസ്‌ലാം ചെലുത്തിയ സ്വാധീനത്തെക്കുറിച്ചാണ് മറ്റൊരു അധ്യായം. സൂഫി ചിന്തയിലെ ഇസ്‌ലാമിക സ്വാധീനവും സംഗീതത്തിന് ഇസ്‌ലാം നൽകിയ സംഭാവനയും ചർച്ച ചെയ്യുന്നുണ്ട്.

മുസ്‌ലിം ഭരണത്തിന്റെ തകർച്ചയോടു കൂടി സംഭവിച്ച നാഗരികതയുടെ പതനം ചർച്ച ചെയ്ത് പുസ്തകം അവസാനിക്കുന്നു. ചരിത്രത്തിലും ലോക നാഗരിക പഠനത്തിലും താൽപര്യമുള്ളവർക്ക് നല്ലൊരു വായനാനുഭവമായിത്തീരുന്ന ഈ പുസ്തകം ദൽഹിയിലെ ആദം പബ്ലിഷേഴ്സാണ് പ്രസിദ്ധീകരിച്ചത്. ■

കവിത

# കുടിപ്പക

ഷൗക്കത്ത് അലിഖാൻ

ഞങ്ങളേഴുപേർ
ഏകോദരത്തിലാ സഹനം
ഗർഭം ധരിച്ച്
പലതായ് ചിതറിയ
പ്രതികാര മൂർത്തികൾ.

കിന്നരിപ്പല്ലുമായ്
ശൈശവപ്പുലരിയിൽ
ഒരേ മാഞ്ചുവട്ടിലേക്ക്
കൈപിടിച്ചാർത്ത്
സ്നേഹ മാമ്പഴം
ചപ്പിക്കുടിച്ച
മാധുര്യത്തിന്റെ
മഞ്ഞുകാലങ്ങൾ

ഒരേ ഏറുമാടത്തിൽ
വറുതിവിളക്കിന്റെ
ചിമ്മിനി വെട്ടവുമായി
നീണ്ട നിഴലിനെ
കാത്തിരുന്നവർ

ഇല്ലായ്മയുടെ
കലത്തിൽ
സഹനത്തിന്റെ
കഞ്ഞി മോന്തിക്കുടിച്ചവർ

ജാഗ്രതയുടെ
ഉറികളിൽ
തൂക്കിയിട്ട
ഭൂതകാലം
പൂച്ച തിന്നു

ഒരു ചങ്ങലയിലാണ്
ഞങ്ങളൊരുമിച്ച്
കിലുങ്ങിച്ചേർന്നത്
ഒരു ചങ്ങലയുടെ
കിലുക്കത്തിലാണ്
സർവേ നമ്പറുകൾ ഇടിച്ച്
ഭ്രാന്തരായ്
ഞങ്ങൾ ഏഴായിപ്പിരിഞ്ഞത്
•

